നമ്പർ - എൻ2/21836/2014/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 07/08/2014
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

## അറിയിപ്പ്

വിഷയം :- പൊതു വിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം -2014-15 - അപേക്ഷ സ്വീകരിക്കുന്ന തീയതി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 18/06/2014 , 24/07/2014 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചനയിലെ 24/07/2014 ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം, ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീം 2014-15 അനുസരിച്ച്, 10/08/2014 നു വൈകുന്നേരം 5 മണിവരെ അപേക്ഷ സമർപ്പിക്കാം എന്നത് ചുവടെ രേഖപ്പെടുത്തിയ പ്രകാരം **ദീർഘിപ്പിച്ചുകൊണ്ടുള്ള** വിവരം എല്ലാവരുടെയും അറിവിനും തുടർനടപടിയ്ക്കുമായി നൽകുന്നു.

1. 2014-15 ലെ ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീമനുസരിച്ച് അർഹത നേടുന്നതിനുള്ള പൂരിപ്പിച്ച അപേക്ഷകൾ **20/08/2014 നു വൈകുന്നേരം 5 മണിവരെ** ബന്ധപ്പെട്ട സ്കൂളധികാരി മുൻപാകെ സമർപ്പിക്കാവുന്നതാണ്.
2. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 20/08/2014 വരെ ലഭിക്കുന്ന അപേക്ഷകളുടെ Online Entry, Uploading എന്നീ പ്രവർത്തനങ്ങൾ **25/08/2014 ന് വൈകുന്നേരം 5 മണിയ്ക്കുള്ളിൽ** പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
3. CBSE/ICSE/Un-aided (Recognized) സ്കൂളുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ Online Entry 25/08/2014 ന് വൈകുന്നേരം 5 മണിയ്ക്കുള്ളിൽ പൂർത്തിയാക്കേണ്ടതും, ആയതിന്റെ ക്രോഡീകരിച്ച ലിസ്റ്റ്, അസ്സൽ അപേക്ഷകൾ എന്നിവ **26/08/2014 ന് രാവിലെ 11.30 നുള്ളിൽ** ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ Uploading നായി സമർപ്പിക്കേണ്ടതുമാണ്.
4. CBSE/ICSE/ Un-aided (Recognized) സ്കൂളുകളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് അപേക്ഷകളുടെ സാന്നിധ്യത്തിൽ, വെബ്സൈറ്റിലെ ഡാറ്റായുമായി ഒത്തുനോക്കി, സർവറിലേയ്ക്ക് upload ചെയ്യുന്ന പ്രവർത്തനം, **30/08/2014 ന് വൈകുന്നേരം 5 മണിയ്ക്കുള്ളിൽ** പൂർത്തിയാക്കുവാൻ ബന്ധപ്പെട്ട എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :-

1. എല്ലാ അപേക്ഷകരുടെയും, രക്ഷകർത്താക്കളുടെയും അറിവിനായി
2. എല്ലാ സ്കൂളധികാരികൾക്കും/ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും അറിവിനും അനന്തര നടപടിയ്ക്കുമായി.
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.അറ്റ്സ്കൂൾ, പൂജപ്പുര, തിരുവനന്തപുരം :- വെബ്സൈറ്റിൽ അറിയിപ്പ് ചെയ്യുന്ന നടപടികൾക്കായി.
4. കരുതൽ ഫയൽ